### പതിമൂന്നാം കേരള നിയമസഭ

### പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5258 — 06.02.2014 -ൽ മറുപടിക്ക്

**<u>പയ്യന്നൂർ ഡിപ്പോയിലെ ഷെഡ്യൂളുകൾ</u>**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി. കൃഷ്ണൻ : | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി. പയ്യന്നൂർ ഡിപ്പോയിൽ നിന്നും നിലവിൽ ഓപ്പറേറ്റ് ചെയ്യുന്ന ഷെഡ്യൂളുകൾ എത്രയാണെന്നും ഇതിന് എത്ര ബസ്സുകൾ ആവശ്യമുണ്ടെന്നും വിശദമാക്കാമോ ; | (എ) | രണ്ട് സൂപ്പർ എക്സ്പ്രസ്, ഒരു സൂപ്പർ ഫാസ്റ്റ്, 79 ഓർഡിനറി എന്നിങ്ങനെ 82 ഷെഡ്യൂളുകളാണ് പയ്യന്നൂർ ഡിപ്പോയിൽ ഉള്ളത്. ഇതിൽ രണ്ട് സൂപ്പർ എക്സ്പ്രസ് ഷെഡ്യൂളുകൾക്ക് 4 ബസുകളും ഒരു സൂപ്പർ ഫാസ്റ്റ് ഷെഡ്യൂളിന് രണ്ട് ബസും 79 ഓർഡിനറി ഷെഡ്യൂളുകൾക്ക് 79 ബസുകൾ ഉൾപ്പടെ ആകെ 85 വെഹിക്കിൾ ഷെഡ്യൂളുകളാണ് ഉള്ളത്. എന്നാൽ സ്പെയർ ബസ് ഉൾപ്പടെ 94 ബസുകൾ ആവശ്യമുള്ളിടത്ത് നിലവിൽ പയ്യന്നൂർ ഡിപ്പോയ്ക്ക് 90 ബസുകളാണ് ഉള്ളത്. |
| (ബി) | കെ.എസ്.ആർ.ടി.സി. പയ്യന്നൂർ ഡിപ്പോയിൽ നിലവിൽ എത്ര ബസുകളാണ് ഗതാഗത യോഗ്യമായിട്ടുള്ളത് ; | (ബി) | പയ്യന്നൂർ ഡിപ്പോയ്ക്ക് അനുവദിച്ചിട്ടുള്ള 90 ബസുകളിൽ 10 എണ്ണം അറ്റകുറ്റപ്പണികൾക്കായി പിടിച്ചിട്ടുണ്ടായിരുന്നു. ബാക്കിയുള്ള 80 ബസുകൾ 31/01/2014-ൽ ഗതാഗത യോഗ്യമായിരുന്നു. |
| (സി) | നിലവിലുള്ള ബസുകളിൽ പത്ത് വർഷത്തിൽ കൂടുതൽ കാലപ്പഴക്കം ഉള്ളവ എത്രയാണ് ; | (സി) | നിലവിലുള്ള 90 ബസുകളിൽ പത്ത് വർഷത്തിൽ കൂടുതൽ കാലപ്പഴക്കമുള്ള 23 ബസുകളുണ്ട്. |
| (ഡി) | ബസുകളുടെ കുറവുമൂലം ഷെഡ്യൂളുകൾ റദ്ദ് ചെയ്യുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ഡി) | ഉണ്ട്. |

| | | | |
|---|---|---|---|
| (ഇ) | ഇത് പരിഹരിക്കുന്നതിന് കൂടുതൽ ബസുകൾ അനുവദിക്കാൻ നടപടി സ്വീകരിക്കുമോ ? | (ഇ) | പുതിയ ബസുകൾ ഇറങ്ങുന്ന മുറയ്ക്ക് ഓർഡിനറി ബസുകൾ നല്കുന്ന കാര്യം പരിഗണിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ